ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അതു് അനുവദിക്കത്തക്കതല്ല എന്നു പറഞ്ഞതു് എന്തുകൊണ്ടാണു്?

മി. സ്പീക്കർ: ആ അടിയന്തിരപ്രമേയങ്ങളും സ്വീകരിക്കത്തക്കതല്ലെന്നു് പ്രസ്താവിച്ചിട്ടുള്ളതാണു്. അതിനുള്ള കാരണങ്ങളെപ്പറ്റി സഭയിൽ ചോദ്യംചെയ്യുകയോ ആ സംഗതിവാദപ്രതിവാദത്തിനു വിഷയമാക്കുകയോ ചെയ്യത്തക്കതല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഇതു് ഒരു റൂളിംഗ് ആണോ എന്നറിഞ്ഞാൽ കൊള്ളാം. ഇതൊരു റൂളിംഗ് ആയി വരാതിരുന്നാൽമതി.

മി. സ്പീക്കർ: ഇന്നു വന്നിട്ടുള്ള അടിയന്തിരപ്രമേയങ്ങളും സ്വീകരിക്കത്തക്കതല്ല എന്നു തീരുമാനിച്ചിരിക്കുന്നതായി മാത്രം ധരിച്ചാൽ മതിയാകും.

Leave of absence from the House

മി. സ്പീക്കർ: ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗമായ ഡോക്ടർ മിസ്സിസ്സ് ഫ്രാൻസിസ്സ് ഈ സെഷനിൽ ഹാജരാകാൻ നിവൃത്തിയില്ലെന്നു കാണിച്ചു് ഒരെഴുത്തു അയച്ചിട്ടുണ്ടു്. 'എഴുത്തു്' ഇങ്ങനെയാണു്.

"I have been ill for the last eight months and for some time I was an in-patient in the Ernakulam General Hospital. Even now I am not in a position to undertake a journey to Trivandrum and attend the meetings of the Assembly.

Under these circumstances, I request you to kindly place this my application before the House and obtain permission for me to be absent from the meetings of the ensuing session of the Assembly."

സഭയുടെ അനുവാദംകൂടാതെ സഭയിൽ ഹാജരാകാതിരുന്നാൽ നിയമമനുസരിച്ചുള്ള സമയം കഴിയുമ്പോൾ മെമ്പറുടെ സ്ഥാനം നഷ്ടപ്പെട്ടുപോകുന്നതാണു്. അതുകൊണ്ടാണു് ഹാജരാകാതിരിക്കുന്നതിനു് സഭയുടെ അനുവാദം വേണമെന്നു് അപേക്ഷിച്ചിരിക്കുന്നതു്. ഹാജരാകാതിരിക്കുന്നതിനു് ഇതിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾകൊണ്ടു് അതൊരു വീഴ്ചയായി പരിഗണിക്കത്തക്കതല്ലെന്നു് ഞാൻ വിചാരിക്കുന്നു.

Sri. D. Gnanasigamoni: Sir, on a point of information. To secure this permission is it enough if merely a letter is sent to this House? Should not a motion be moved in respect of the matter by somebody and supported by somebody. Is a mere letter enough for this purpose?

Mr. Speaker: I believe the procedure we have now adopted is all right. I take it that the House agrees to this request of Mrs. T. Francis being granted.

Sri. P. Balakrishnan Tampi: It may be taken as the unanimous consent of the House.

മി. സ്പീക്കർ: സഭയുടെ അനുമതി സിദ്ധിച്ചിരിക്കുന്നതനുസരിച്ചു് ഡോക്ടർ മിസ്സിസ്സ് ഫ്രാൻസിസിനു് സഭയുടെ ഈ സമ്മേളനത്തിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

Papers laid on the Table

Minister for Public Works, Communication and Agriculture **(Sri. E. John Philipose):** Sir, I lay on the table a copy of the Travancore-Cochin Motor Vehicles Rules, 1950 published in Government Notification, dated the 13th April 1950 (together with the erratum published in Notification T4-1649/50/PWC., dated the 15th May 1950) as required by sub-section (3) of Section 130 of the Travancore-Cochin Motor Vehicles Act (Act X of 1125).

LIBRARY ARCHIVES Kerala Legislative Assembly